**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

| | |
|---|---|
| **നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.573** | **29/06/2015 ൽ മറുപടിയ്ക്ക്** |

## കശുവണ്ടിവികസന കോർപ്പറേഷൻ, കാപെക്സ് എന്നിവിടങ്ങളിലെ ഗ്രാറ്റുവിറ്റി കുടിശ്ശിക

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.പി.കെ .ഗുരുദാസൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) ഗ്രാറ്റുവിറ്റി കുടിശ്ശിക കൊടുത്തു തീർക്കാൻ കശുവണ്ടി വികസന കോർപ്പറേഷൻ, കാപെക്സ് എന്നീ സ്ഥാപനങ്ങൾ സ്വീകരിച്ച നടപടി വിശദമാക്കുമോ ; | (എ) 2014-2015 കാലയളവിൽ കാപെക്സ് സ്വന്തം ഫണ്ടിൽ നിന്നും 2011 ലെ ഗ്രാറ്റുവിറ്റി നൽകുന്നതിനായി 90 ലക്ഷം രൂപയോളം ചിലവഴിച്ചു. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത സ്ഥാപന ങ്ങളിലെ ഗ്രാറ്റുവിറ്റി കുടിശ്ശിക വിതരണം ചെയ്യുന്നതിനായി എത്ര രൂപ അനുവദിച്ചു എന്നറിയിക്കുമോ? | (ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 28/3/2011 ലെ GO(Rt)No.509/ 2011/Lbr നമ്പർ ഉത്തരവിൽ കശുവണ്ടി വികസന കോർപറേഷനും, കാപെക്സിനും മേലിൽ ഗ്രാറ്റുവിറ്റി കുടിശ്ശിക കൊടുത്തു തീർക്കുവാൻ സർക്കാർ ഫണ്ട് അനു വദിയ്ക്കുകയില്ലെന്നും ആയത് സ്വന്തം ഫണ്ടിൽ നിന്നും കണ്ടെ ത്തണമെന്നും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ സർക്കാരിന്റെ കാലത്ത് ഗ്രാറ്റുവിറ്റി നൽകുവാനായി തുക അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ